**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**14 December 2018**

**06 Rabi'ul Aakhir 1440 AH (India & Mauritius)**

# "FAITH & THE STRONG BELIEVER".

## വിശ്വാസവും,ദൃഢവിശ്വാസിയും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ***വിശ്വാസവും,ദൃഢവിശ്വാസിയും,*** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

പ്രീയ സഹോദരീ സഹോദരന്മാരെ, കുഞ്ഞുങ്ങളെ, ഇന്നത്തെ വെള്ളിയാഴ്ച ഖുത്തുബ, വളരെ പ്രധാനപ്പെട്ട ഒന്നാകുന്നു ഞാനിന്നു നിങ്ങളോട് സംസാരിക്കുന്നത് ഈമാനെ കുറിച്ചും ഇസ്ലമിനെകുറിച്ചുമാണ്. അതോടൊപ്പം കരുത്തനായ വിശ്വാസിയെകുറിച്ചും ദുർബലനായ വിശ്വാസിയെകുറിച്ചും.

അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. ഞങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് ആ ബദവികൾ പറയുന്നു. പറയുക നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ ഞങ്ങൾ മുസ്ലിമായിരിക്കുന്നുവെന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക. നിങ്ങളുടെ ഹൃദയങ്ങളിൽ ഇതേവരെ സത്യവിശ്വാസം കടന്നിട്ടില്ല. നിങ്ങൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നതായാൽ നിങ്ങളുടെ കർമ്മങ്ങളിൽ നിന്ന് ഒന്നും അവൻ നിങ്ങൾക്ക് കുറച്ചുകളയുകയില്ല. തീർച്ചയായും അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (49:15)

തീർച്ചയായും ഈമാൻ എന്നത് നാവുകൊണ്ട് പറയുന്നതോടൊപ്പം തന്റെ പ്രവർത്തിയിലൂടെ അത് കാണിക്കലാകുന്നു. ഇസ്ലാം എന്നത് പ്രവർത്തിയില്ലാത്ത പറച്ചിൽ മാത്രമാകുന്നു.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ മുസ്ലിംകൾ എന്ന നിലയിൽ അവർ പറയുന്നു. ഈ കാലഘട്ടത്തിലെ ഖലീഫയെ അവർ സ്വീകരിച്ചിരിക്കുന്നു എന്ന്. എങ്കിൽ അവർ അവരുടെ ഇസ്ലാമിനെ പൂർത്തികരിക്കുവാൻ, കൂടുതൽ പ്രയത്നങ്ങൾ ദിനംതോറും നിത്യജീവിതത്തിൽ നടത്തേണ്ടതുണ്ട്. ഇതവർ ഓർത്തിരിക്കേണ്ട കാര്യമാണ്. നിത്യജീവിതത്തിൽ നിങ്ങളുടെ ഇസ്ലാം പ്രവർത്തിപഥത്തിൽ കൊണ്ടു വരുന്നതിലൂടെയാണ്, യഥാർത്ഥ വിശ്വാസം നിങ്ങളുടെ ഹൃദയങ്ങളിലേക്ക് പ്രവേശിക്കുന്നത്. എന്തുതന്നെ ആയാലും നിങ്ങൾ അപ്രകാരം ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾ നേർപാതയിൽ നിന്നും വഴിമാറി പോവുക തന്നെ ചെയ്യുന്നതാണ്.

പലപ്പോഴും, ഒരു മുസ്ലിം, ഞാനിവിടെ പ്രത്യേകമായി എന്റെ അനുചരന്മാരെയാണ് ഉദ്ദേശിക്കുന്നത്, സഹീഹിൽ ഇസ്ലാം അംഗങ്ങൾ കരുതുന്നു. തന്റെ ജീവിതത്തിൽ അവൻ ചെയ്യുന്നതെല്ലാം ശരിയാണെന്ന്! അങ്ങനെ അല്ലാഹുമായി സാമീപ്യത്തിലെത്താമെന്നും കരുതുന്നു. ഇത്തരത്തിലുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടെങ്കിലും, തന്റെ പ്രവർത്തനങ്ങളിൽ അവന് വിജയിക്കുവാൻ കഴിയുന്നില്ല. അതുകൊണ്ട് തന്നെ, അല്ലാഹുവിന്റെ കാരുണ്യം, അവന് ലഭിക്കുന്ന കാര്യത്തിൽ അവൻ നിരാശനാകുന്നു. അവനെ കൈവിട്ടതായി കരുതുന്നു, അങ്ങനെ അവൻ നമസ്ക്കാരത്തെ കയ്യൊഴിയുന്നു. അവന്റെ സംശയങ്ങളാലും അരക്ഷിതാവസ്ഥയാലും അവൻ തന്റെ വിവിധങ്ങളായ ആരാധനാരീതികളും കയ്യൊഴിയുന്നു. നോക്കൂ, ഇത് വളരെ തെറ്റായ കാര്യമാകുന്നു. ഇത്തരം വ്യക്തികൾ മനസ്സിലാക്കേണ്ട വളരെ പ്രധാനപ്പെട്ട കാര്യം വിശ്വാസം ആർജ്ജിക്കുക എന്നത് അത്ര എളുപ്പമായ ഒരു കാര്യമല്ല. അനേകം പരീക്ഷണങ്ങളിലൂടെ അവൻ കടന്നുപോകേണ്ടതായി

വരും, അനേകം അഗ്നികുണ്ഠങ്ങളെ മറികടക്കേണ്ടതായി വരും. അതായത് അങ്ങനെയാണ് ഒരു യഥാർത്ഥ മുസ്ലിം എന്ന നിലയിൽ, ഒരു മുഅ്മിൻ എന്ന നിലയിൽ, അല്ലാഹുവിങ്കൽ അവൻ വിജയശ്രീലാളിതനായി തീരുന്നത്.

ഓർക്കുക, അല്ലാഹു(ത) കൂടുതൽ സ്നേഹിക്കുന്നവരെ അവൻ കൂടുതൽ പരീക്ഷണങ്ങളിൽ അകപ്പെടുത്തുന്നു. ഹസ്രത് മുഹമ്മദ്(സ) പറഞ്ഞു. വിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ! അവന്റെ എല്ലാ കാര്യങ്ങളും നല്ലതിൽ തന്നെ കലാശിക്കുന്നു. ഇത് വിശ്വാസിക്കു മാത്രമുള്ള ഒരു ഭാഗ്യമാണ്. മറ്റൊരാൾക്കും അതുലഭ്യമല്ല. അവന് എന്തെങ്കിലും നല്ലതു സംഭവിച്ചാൽ, അവൻ നന്ദിയുള്ളവനായി തീരും. അതവന് നല്ലതുമാകുന്നു. ഇനി അവന് മോശമായതെന്തെങ്കിലും സംഭവിച്ചാൽ, അവനത് ക്ഷമയോടെ നേരിടുന്നു. അതും അവന് നല്ലതുതന്നെ (മുസ്ലിം)

അല്ലാഹു(ത)യുടെ പ്രവാചകന്മാരുടെ നല്ല മാതൃകകൾ നോക്കൂ! ഹസ്രത് ഈസ(അ) ക്ഷമയോടെ കുരിശിൽ കിടന്നു. വളരെയധികം വേദന സഹിച്ചു. അല്ലാഹുവിലുള്ള വിശ്വാസം കയ്യൊഴിഞ്ഞില്ല. തന്റെ ദൗത്യത്തിൽ നിന്നും പിന്മാറിയതുമില്ല. ഹസ്രത് യൂസുഫ്(അ) നിരപരാധി ആയിരുന്നിട്ടു കൂടി വർഷങ്ങളോളം ജയിലിൽ കഴിയേണ്ടി വന്നു. എന്നാൽ അദ്ദേഹം ക്ഷമയോടെ ഇതെല്ലാം സഹിച്ചു. അല്ലാഹുവിലുള്ള വിശ്വാസം കയ്യൊഴിഞ്ഞതുമില്ല. ഹസ്രത് മൂസാ(അ) മറ്റൊരു രാജ്യത്തേക്ക് പലായനം ചെയ്യേണ്ടി വന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മടങ്ങി വന്നു. അവന്റെ ദൂതൻ എന്നനിലയിൽ ഫറോവായ്ക്കും ശിങ്കിടികൾക്കും ദൈവകോപത്തെപ്പറ്റി മുന്നറിയിപ്പ് നല്കി. പത്ത് കല്പനകൾ സ്വീകരിക്കുവാനായി അദ്ദേഹം പോയപ്പോൾ തന്റെ ജനത തന്റെ സാന്നിദ്ധ്യത്തിൽ തന്നെ, അവർ വഴിതെറ്റിപോയി, അവർ ഒരു സുവർണ്ണ പശുക്കുട്ടിയെ ആരാധിക്കുവാൻ തുടങ്ങി. എന്നാൽ അല്ലാഹുമായുള്ള അദ്ദേഹത്തിന്റെ അതിശക്തമായ ബന്ധത്താൽ, എല്ലാ

പ്രയാസങ്ങളും നീങ്ങിപോവുകയുണ്ടായി. അദ്ദേഹത്തിന്, തന്റെ ജനങ്ങളെ അവരുടെ തെറ്റായ മാർഗ്ഗത്തിൽ നിന്നും രക്ഷപ്പെടുത്തുവാൻ സാധിച്ചു. അങ്ങനെ തന്റെ ദൗത്യപൂർത്തീകരണം സാധിക്കുകയുണ്ടായി. നിരന്തരമായ പ്രയത്നങ്ങൾ മൂസ(അ) നടത്തിയിട്ടും അദ്ദേഹത്തിന്റെ ജനത തങ്ങളുടെ ജീവിതരീതിയിൽ അസംതൃപ്തരായിരുന്നു. അവരുടെ ഇസ്ലാമിനെപറ്റി അവർക്ക് സംശയമായിരുന്നു. സത്യവാനായ ഒരു പടയാളി എന്ന നിലയിലും, അല്ലാഹുവിന്റെ പ്രവാചകൻ എന്ന നിലയിലും ഹസ്രത് മൂസ(അ) അവരെ ഉപദേശിച്ചുകൊണ്ടിരുന്നു. അങ്ങനെ നേർപാത കാട്ടിക്കൊടുക്കുകയുണ്ടായി.

നിങ്ങൾ മനസ്സിലാക്കുക, ഈ കാലഘട്ടത്തിലെ ഖലീഫത്തുല്ലായെ നിങ്ങൾ അംഗീകരിക്കുമ്പോൾ, നിങ്ങൾ നേർപാതയിൽ ഉറച്ചു നില്ക്കണം. അല്ലാഹുവിനോടുള്ള നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റണം, അവന്റെ മതത്തോടുള്ള ഉത്തരവാദിത്വം പൂർത്തിയാക്കണം. സ്നേഹത്തോടെയും ആർജ്ജവത്തോടെയും! അങ്ങനെ ആയാൽ തീർച്ചയായും അല്ലാഹു(ത) നിങ്ങളെ സ്നേഹിക്കും. അവൻ നിങ്ങളെ കൂടുതൽ സ്നേഹിക്കുമ്പോൾ, നിങ്ങൾക്ക് കൂടുതൽ പരീക്ഷണങ്ങൾ നിങ്ങളുടെ വഴിയിൽ ഉണ്ടാകുന്നതാണ്. എന്തുകൊണ്ട്? കാരണം നിങ്ങൾ ആത്മീയതയിൽ കൂടുതൽ കൂടുതൽ ഉയരങ്ങൾ താണ്ടുവാൻ അവൻ ആഗ്രഹിക്കുന്നു. അങ്ങനെ നിങ്ങൾ ഈ ലോകവുമായുള്ള ബന്ധം സ്വയം വിച്ഛേദിക്കുന്നു. അപ്പോൾ നിങ്ങൾ അവനെ സ്മരിച്ചു കൊണ്ടിരിക്കും. അല്ലാഹുവിനോടുള്ള നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ പൂർത്തീകരിക്കുന്നതിലൂടെ, അതെ, ഒരു യഥാർത്ഥ വിശ്വാസി പെരുമാറുന്നതുപോല പെരുമാറുമ്പോൾ നിങ്ങളുടെ നിത്യജീവിതത്തിൽ നിങ്ങളുടെ ഇസ്ലാമിനെ പ്രവർത്തിയിലൂടെ കാണിക്കുമ്പോൾ, അത് സ്വന്തം ഭവനത്തിലാകട്ടെ, ജോലി സ്ഥലത്താകട്ടെ, സ്നേഹിതരോടാകട്ടെ, കുടുംബാംഗങ്ങളോടാകട്ടെ, അങ്ങനെ നിങ്ങൾ നിങ്ങളുടെ യഥാർത്ഥ വിശ്വാസത്തെ വികസിപ്പിച്ചെടുക്കുന്നതാണ്. യഥാർത്ഥവിശ്വാസം നിങ്ങളെ യഖീനിലേക്ക് എത്തി

ക്കുന്നു. (യഖീൻ എന്നാൽ അല്ലാഹു ഉണ്ട് എന്ന ദൃഢജ്ഞാനം) ദൈവീക അടയാളങ്ങളും വെളിപാടുകളും കൊണ്ട് അവന്റെ അനുഗ്രഹപൂർത്തീകരണമുണ്ടാകുന്നു. നിങ്ങൾക്കു ചുറ്റുമുള്ള ജനങ്ങൾക്ക് നിങ്ങൾ എത്രത്തോളം ദൈവീകപ്രകാശം പരത്തുവാൻ നിങ്ങൾ ശ്രമിക്കുന്നുവോ, അത്രത്തോളം നിങ്ങൾ അല്ലാഹുമായി അടുത്തു നില്ക്കുന്നു എന്ന് നിങ്ങൾക്ക് ബോധ്യമാകും.

ഓർക്കുക, നിങ്ങൾ ഓരോരുത്തരും പ്രത്യേക പ്രാധാന്യം ഉള്ളവർ തന്നെയാണ്. ഈ നൂറ്റാണ്ടിൽ നിങ്ങൾ ഖലീഫത്തുല്ലായെ അല്ലാഹുവിന്റെ ദൂതനായി വിശ്വസിച്ച് അംഗീകരിച്ചവരാകുന്നു. നിങ്ങളിൽ അനേകർക്ക് ദൈവീക അടയാളങ്ങളും വെളിപാടുകളും ലഭിച്ചിട്ടുമുണ്ട്. അങ്ങനെ അല്ലാഹു(ത) നിങ്ങളെ സഹീഹിൽ ഇസ്ലാം കുടുംബത്തിലെ അംഗങ്ങളായി തെരഞ്ഞെടുത്തിരിക്കുകയാണ്. ഇസ്ലാമിനെ അതിന്റെ ഉയരങ്ങളിലേക്ക് എത്തിക്കുവാൻ അല്ലാഹു(ത) നിങ്ങളെ ഏല്പിച്ചിരിക്കുന്നു. ഈ ലക്ഷ്യം നേടുന്നതിന് നിങ്ങൾ കഠിനയത്നം നടത്തേണ്ടതു തന്നെയാണ്. അധ്വാനമില്ലാതെ, ഒന്നും ചെയ്യുവാനും നേടുവാനും കഴിയില്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കുക.

നിങ്ങൾ ഓരോരുത്തരും സ്വയം ആത്മീയമായി ശക്തിപ്പെടുക. അങ്ങനെ ഓരോരുത്തരും ശക്തമായ വിശ്വാസികളായി മാറുക. നിങ്ങളിൽ പലർക്കും പറയാൻ കഴിയും ഞാൻ വിശ്വസിക്കുന്നു എന്ന്! എനിക്ക് വിശ്വാസം ഉണ്ട് എന്ന്! എന്നാൽ അവർ ദുർബല വിശ്വാസികളാണ്. കാരണം ഒരു പരീക്ഷിണം ഉണ്ടാകുമ്പോൾ, അല്ലെങ്കിൽ സാത്താൻ ഒരു സംശയം ഇട്ടുകൊടുക്കുമ്പോൾ, ഈ ദുർബല വിശ്വാസികളുടെ കാലിടറിപ്പോകുന്നു. അവരുടെ ഈമാനും പോകുന്നു. ഇസ്ലാമും പോകുന്നു.

ഹസ്രത് അബൂഹറൈ (റ) നിവേദനം അല്ലാഹുവിന്റെ തിരുദൂതൻ (സ)പറഞ്ഞു. ദുർബല വിശ്വാസിയെക്കാൾ അല്ലാഹുവിന് ഇഷ്ടം ശക്തനായ വിശ്വാസിയെ ആണ്. എന്നാൽ അവരിൽ രണ്ടു പേരിലും നന്മ

യുണ്ട്. നിങ്ങൾക്ക് പ്രയോജനമുള്ളതിൽ നിങ്ങൾ താത്പര്യം കാണിക്കുക. അല്ലാഹുവിൽ നിന്ന് സഹായം നേടുക. നിരാശപ്പെടരുത്. നിങ്ങളുടെ മേൽ എന്തെങ്കിലും വിപത്ത് സംഭവിച്ചാൽ, അഹോ! ഞാൻ ഇത് ചെയ്യാതിരുന്നെങ്കിൽ, ഇത് സംഭവിക്കില്ലായിരുന്നു എന്ന് പറയരുത്. മറിച്ച് നിങ്ങൾ പറയുക, അല്ലാഹു വിധിച്ചതു സംഭവിക്കും, തീർച്ചയായും ഇല്ലായിരുന്നെങ്കിൽ എന്ന പ്രയോഗം പൈശാചിക പ്രവർത്തിക്കുള്ള വാതിൽ തുറന്നു കൊടുക്കലാണ് (മുസ്ലിം)

ഈ ഹദീസിൽ നിന്നും മനസ്സിലാകുന്നത്, നന്മ ദുർബല വിശ്വാസിക്കും, ശക്തമായ വിശ്വാസിക്കും പൊതുവിൽ ഉള്ളതാണ്. കാരണം ഈമാൻ രണ്ടു പേർക്കും പൊതുവായിട്ടുള്ളതാണ്. ശക്തനായ വിശ്വാസി എന്ന് പറഞ്ഞാൽ, അല്ലാഹുമായി കൂടുതൽ നല്ലബന്ധം സ്ഥാപിക്കുന്നവനാണ്. കാരണം അവൻ കൂടുതൽ നന്മ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്നതാണ്. ആചാരപരമായ പ്രാർത്ഥനകൾ, സുന്നത്ത്, ഫർസ് നമസ്ക്കാരങ്ങൾ തുടങ്ങി മറ്റു ഇബാദത്തുകളും മുടക്കം കൂടാതെ നിർവ്വഹിക്കുന്നവനാകുന്നു. ശക്തനായ വിശ്വാസി അല്ലാഹുമായി ശക്തമായ ബന്ധം സ്ഥാപിക്കുന്നവനാകുന്നു. അക്കാരണത്താൽ പരീക്ഷണങ്ങൾക്കൊന്നും തന്നെ അവനെ നേർപാതയിൽ നിന്നും വ്യതിചലിപ്പിക്കുവാൻ സാധിക്കുകയില്ല.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ, ഇത്തരം ശക്തരായ വിശ്വാസികളും, ബലഹീനരായ വിശ്വാസികളുമുണ്ട്, അല്ലാഹുവിന്റെ മാർഗത്തിൽ വേണ്ടനിലയിൽ പ്രവർത്തിക്കാത്തവർ, അവർക്ക് ആവശ്യമായ ഈമാൻ ലഭ്യമായിട്ടില്ല. ശക്തമായ ഈമാൻ ലഭ്യമായവരിൽ നിന്നും അത് ഇല്ലാതാക്കാൻ ഒരാൾക്കും സാധ്യമല്ല.

വളരെ ദൗർഭാഗ്യകരമായ ഒരു കാര്യം, ഈ നൂറ്റാണ്ടിലെ ദൈവീകദൃഷ്ടാന്തം, അനേകർക്ക് അല്ലാഹുവിൽ നിന്നുള്ള അനേകം ദൃഷ്ടാന്തങ്ങളിലൂടെ, അല്ലെങ്കിൽ ഒരു ദൃഷ്ടാന്തത്തിലൂടെ എങ്കിലും, ലഭിച്ച

വരുണ്ട്, അവർ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമുമായി ബന്ധം സ്ഥാപിച്ചിട്ടുമുണ്ട്, എന്നാൽ അതിന് ശേഷം അവരുടെ കുടുംബാംഗങ്ങളുടെ സമ്മർദ്ദം മൂലം അല്ലെങ്കിൽ സത്യത്തെ മനഃപൂർവ്വം നിഷേധിച്ചവരുടെ സമ്മർദ്ദങ്ങളിലകപ്പെട്ട്, അവർ പിന്തിരിഞ്ഞുപോയിരിക്കുന്നു. അവരുടെ വിശ്വാസത്തെ കയ്യൊഴിഞ്ഞു. അവരുടെ ഉടമ്പടി അവർ ലംഘിച്ചിരിക്കുന്നു. ഈ പ്രവർത്തി അല്ലാഹുവിന്റെ മുമ്പിൽ വളരെ ഗൗരവമുള്ള കാര്യം തന്നെ ആകുന്നു.

ഓർക്കുക, അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. എന്ന് പറയുന്നതുകൊണ്ട് മാത്രം (ഇക്കാലത്തെ) ആളുകളെ പരീക്ഷണത്തിന് വിധേയമാക്കാതെ വിട്ടുകളയുമെന്ന് അവർ ധരിക്കുന്നുണ്ടോ? ഇവർക്ക് മുമ്പുള്ളവരെ നാം പരീക്ഷിച്ചിട്ടുണ്ട്. (ഇപ്പോഴും നാം അങ്ങനെ തന്നെ ചെയ്യും) എന്നിട്ട്, സത്യം പറഞ്ഞവരാരെന്നും കളവുപറയുന്നവരാരെന്നും നിശ്ചയമായും അല്ലാഹു(വേർതിരിച്ച്) വെളിപ്പെടുത്തും. അഥവാ തിന്മ പ്രവർത്തിക്കുന്നവർ (നമ്മുടെ പിടിയിൽ അകപ്പെടാതെ) നമ്മെ മറികടന്ന് പൊയ്ക്കളയാമെന്ന് ധരിച്ചുവച്ചിട്ടുണ്ടോ? അവർ ചെയ്യുന്ന തീരുമാനം എത്രമാത്രം ചീത്തയായതാണ്. (29:3-5)

ആയതിനാൽ, നിങ്ങളുടെ മുമ്പാകെ വരുന്ന ഓരോ പരീക്ഷണവും നിങ്ങൾക്കൊരു അനുഗ്രഹമാണെന്ന് തിരിച്ചറിയുക. അത് ഒരിക്കലും ഒരു ശാപമല്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിനാധ്വാനം ചെയ്യുകയും ക്ഷമകൈക്കൊള്ളുകയും ചെയ്യുന്നവർക്ക്, തങ്ങളുടെ തന്നെ, ഞാനെന്ന ഭാവത്തിനും, ശാരീരിക ഇച്ഛകൾക്കും എതിരെയും പോരാടുന്നവർ, തങ്ങളുടെ ഈമാനെയും ഇസ്ലാമിനെയും പ്രകാശിപ്പിക്കുവാൻ പടവെട്ടുന്നവർ, അങ്ങനെ മറ്റുള്ളവർക്ക് മാതൃകയായി തീരുന്നവർ, അല്ലാഹുവിന്റെ മുമ്പിൽ അവർ തന്നെയാണ് വിജയികൾ. അവരുടെ വഴിയിലുള്ള വിവിധങ്ങളായ പ്രയാസങ്ങൾക്കും, പീഢനങ്ങൾക്കും ശേഷം, ഒരു ദിനം സമാ

ഗതമാകുന്നതാണ്, അല്ലാഹു(ത) അവന്റെ സമ്മാനങ്ങൾ അവർക്കായി വെച്ചു നീട്ടുന്നതാണ്, ഭൂമിയിൽ അവരുടെ അവസാന ശ്വാസം വരെ ഈ പ്രവർത്തി തുടർന്നു കൊണ്ടിരിക്കേണ്ടതാണ്. ഒരു ചെറിയ അബൂബക്കർ സിദ്ദീഖിനെപോലെ, നബികരീം(സ)യുടെ വിശ്വസ്ത നായ അനുയായിയെപോലെ! സൃഷ്ടികളിലാരെയും ഭയപ്പെടാത്ത ചെറിയ ഫാറൂഖിനെപോലെ! ഹസ്രത് ഉമർ(റ) വരുമ്പോൾ സാത്താൻ പോലും എതിർദിശ തേടുമായിരുന്നു. അത്രയ്ക്ക് വിശ്വാസ ദാർഢ്യ മായിരുന്നു അദ്ദേഹത്തിന്! ഈ മഹാന്മാരായ അനുചരന്മാർ എത്ര മഹത്വമുള്ളവരായിരുന്നു! അങ്ങനെ അനേകർ-അവരുടെ ഹൃദയങ്ങ ളിൽ യഥാർത്ഥ വിശ്വാസം വളർത്തി എടുത്തു. അങ്ങനെ അവരുടെ ഹൃദയങ്ങളെ അല്ലാഹു ഏറ്റെടുത്തു. എന്നിട്ടതിൽ ഭരണം നടത്തി. അവർ അനുഗ്രഹീതർ തന്നെ! ഈ ലോകത്തും നാളെ അനന്തമായ പാരത്രീക ലോകത്തും! നിങ്ങളും അവരെപോലെ ആവുക. എന്റെ അനുചരന്മാരെ! അവിശ്വാസത്തിന്റെ ഒരു പാടും/അടയാളവും. നിങ്ങ ളിൽ സ്പർശിക്കാതിരിക്കട്ടെ! നിങ്ങൾ അനുഗ്രഹീതരാകണം. അവ സാന ശ്വാസം വരെയും അനുഗ്രഹീതരായി തന്നെ കഴിയുക. ഇൻശാ അല്ലാഹ്! ആമീൻ.

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*